MONDAY 23-01-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/01/2023.

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%) മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%), പഴം/പച്ചക്കറി ഉന്ത് വണ്ടികൾക്ക് 15,000/- രൂപയും (50%), ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും (40%) മലയോര പ്രദേശങ്ങളിൽ (50%) 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

കൂടാതെ, കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും (50%) കൂൺ കൃഷിയ്ക്ക് 8 ലക്ഷം രൂപയും (40%) കൂൺ വിത്തുത്പാദനത്തിന് 6 ലക്ഷം രൂപയും (40%) ധനസഹായം നൽകി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ **9383471782** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

2. സംസ്ഥാന ക്ഷീരകർഷക സംഗമം 2023 നോട് അനുബന്ധിച്ച് ക്ഷീരകർഷകർ, ക്ഷീരസഹകരണ സംഘങ്ങൾ, മിൽമ, മൃഗസംരക്ഷണ വകുപ്പ് KDFWF, KLDB മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ തീർപ്പാക്കുന്നതിന് വേണ്ടി ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നു ക്ഷീര വികസന/ മൃഗസംരക്ഷണ വകുപ്പ്, മിൽമ, ഷീരസ്വാന്തനം ഇൻഷുറൻസ്, കേരള ക്ഷീര കർഷക ക്ഷേമനിധി എന്നിവയുമായി ബന്ധപ്പെട്ട പരാതികളും ക്ഷീരസഹകരണ സംഘങ്ങളുടെ ആഡിറ്റ്, ആഡിറ്റ് ന്യൂനത വസ്തു/ കെട്ടിടത്തിനുള്ള അംഗീകാരം,ം ക്ഷീര സംഘം ജീവനക്കാരുടെ സേവന -വേതന വ്യവസ്ഥകൾ, മിൽമ, സംഘങ്ങൾ/വിതരണക്കാർ ഉപഭോക്താക്കൾ എന്നിവ സംബന്ധിച്ച

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരാതികൾ അദാലത്തിൽ സമർപ്പിക്കാവുന്നതാണ്. പരാതികൾ **സംസ്ഥാന ക്ഷീരസംഗമം ഫയൽ അദാലത്ത് എന്ന തലക്കെട്ടിൽ** ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, പട്ടം, പി ഒ, 695004 എന്ന വിലാസത്തിൽ ജനുവരി 25 നു മുൻപായി ലഭിക്കണം. പരാതികൾ dairyddtvm@gmail.com എന്ന വിലാസത്തിലും അയക്കാവുന്നതാണ്

3. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സ് ആയ **"ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി (DMT)"** ആറുമാസത്തെ കോഴ്സ് ആയ **"സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാർമിംഗ് (CPF)"** എന്നീ കോഴ്സുകളിലേക്ക് 2023 - 24 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ സമർപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി കോഴ്സിന് പ്ലസ് ടു വിജയിച്ചിരിക്കണം. സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാർമിംഗ് കോഴ്സിന് എട്ടാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരാണ്. ഫൈൻ കൂടാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31.01.2023 ആകുന്നു. onlineadmission.ignou.ac.in വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9495000931, 9400608493

4. ക്ഷീരവികസന വകുപ്പിന്റെ എം.എസ്.ഡി.പി ക്ഷീരഗ്രാമം പദ്ധതിക്ക് തിരുവനന്തപുരം ജില്ലയിൽ വാമനപുരം ബ്ലോക്കിലെ പുല്ലമ്പാറ പഞ്ചായത്തിലെ ക്ഷീരകർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. രണ്ട് പശു യൂണിറ്റ്, 5 പശു യൂണിറ്റ്, അവശ്യാധിഷ്ഠിത ധനസഹായം (തൊഴുത്ത് നിർമ്മാണം, തൊഴുത്ത് നവീകരണം ഉൾപ്പെടെ), കറവയന്ത്രം എന്നീ ഇനങ്ങൾക്ക് ക്ഷീരശ്രീ പോർട്ടൽ (https://ksheerasree.kerala.gov.in ) മുഖാന്തിരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വാമനപുരം ബ്ലോക്ക് ക്ഷീരവികസന ഓഫീസുമായി ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ നല്ല കായ്ഫലം തരുന്ന ഏകദേശം 1400 തെങ്ങുകളിൽ നിന്ന് 01/02/2023 മുതൽ 31/01/2024 വരെയുള്ള ഒരുവർഷ കാലയളവിൽ കരിക്കും നാളികേരവും വിളവെടുക്കുന്നതിനുള്ള അവകാശത്തിന് ഈ മാസം 23-ന്

(23.01.2023 ന്) രാവിലെ 12.00 മണിക്ക് പരസ്യ ലേലം നടത്തുന്നതായിരിക്കും. www.kau.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ തെങ്ങ് ദർഘാസ്/ലേലനോട്ടീസ് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി നേരിട്ടോ, **0487 2961457** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

6. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടികൾ**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2023 ജനുവരി 24, 25 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **'ആന്റിബയോട്ടിക് ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ'** എന്ന വിഷയത്തെ ആസ്പദമാക്കി 2023 ജനവരി 24 ചൊവ്വാഴ്ച രാവിലെ 10 മുതൽ താനൂർ നഗരസഭ ഹാളിൽ വെച്ച് കർഷക സെമിനാറും ബോധവൽകരണ ക്ലാസും സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പ്പര്യമുള്ള കർഷകർ **0494 2962296** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .